പരമ്പര: വ്യതിയാന ചിന്തകൾ



# ഹേ കാഫിർ

## ശരീഅത്ത് നിയമ ലംഘനങ്ങൾ കാരണം അവിശ്വാസം ആരോപിക്കുന്ന പ്രവണത

## കാഫിർ വിളിയുടെ അപകടങ്ങൾ

പുസ്തകം
2

SANAD

MI

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമ കാരുണികനും കരുണാ വാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
സർവ്വ സ്തുതിയും ലോക രക്ഷിതാവായ അല്ലാഹുവിനാണ്.
അവന്റെ കരുണാ കടാക്ഷങ്ങൾ പ്രവാചക ശ്രേഷ്ഠരായ മുഹമ്മദ് നബി (സ) യുടെ മേലിലും
അവിടുത്തെ കുടുംബ മിത്രാദികളുടെ മേലിലും സദാ വർഷിക്കുമാറാകട്ടെ

# ചിന്താ വ്യതിയാനങ്ങൾ

ഈയിടെയായി മുസ്ലിംകൾക്കിടയിൽ പരസ്പരം കാഫിറാക്കൽ വ്യാപകമായി കണ്ടു വരുന്നു. കുറേ ആളുകൾ ആ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിയിട്ടില്ല തന്നെ. കാഫിർ വിളി, തന്മൂലം ജനങ്ങൾക്കിടയിൽ പതിവായിപ്പോയിരിക്കുന്നു. ഈ ലാഘവത്വം നിറഞ്ഞ കാഴ്ചപ്പാട് കുഴപ്പങ്ങൾക്കും പരസ്പരം ചോര ചിന്തുന്നതിനും വഴിവെച്ചിട്ടുണ്ട്. മാനഹാനിവരുത്തൽ, മാതാപിതാക്കളെ അവഹേളിക്കൽ , കുടുംബ ബന്ധം മുറിക്കൽ തുടങ്ങിയ മത വിരുദ്ധ പ്രവത്തനങ്ങൾ ഇതിനെ പ്രതി വ്യാപിച്ചിരിക്കുന്നു. ഇസ്ലാമിക വിശ്വാസം ശരിപ്പെടുത്തുക എന്ന ലക്ഷ്യത്തിലാണ് ഇതെല്ലാം നടമാടുന്നത്. മതത്തെ ശരിയായി മനസ്സിലാക്കാത്തതും മതത്തെക്കുറിച്ചുള്ള പ്രാഥമിക നിരക്ഷരതയും ആണ് ഇതിന്റെ മൂല കാരണങ്ങൾ.




## അനുവദനീയമല്ല.

കാരണം നബി (സ്വ) പറയുന്നു: "ഒരാൾ സഹോദരനെ കാഫിറെന്നു വിളിച്ചാൽ രണ്ടിലൊരാൾ ആ വിളിയുടെ ശാപം മൂലം അഭിശപ്തരായി. വിളിക്കപ്പെട്ടവൻ ശാപത്തിന് അർഹനെങ്കിൽ അവൻ, അല്ലെങ്കിൽ വിളിച്ചവന് ശാപം തിരിച്ചു പതിക്കുന്നതാണ്".[1]

തിരു നബിയുടെ അനുചരൻ അബൂദർ (റ) ഉദ്ധരിക്കുന്ന ഒരു ഹദീസ്: നബി (സ്വ) പറഞ്ഞു: ഒരാൾ അപരനെ അവിശ്വാസി (കാഫിർ) എന്നോ അല്ലാഹുവിന്റെ ശത്രു എന്നോ വിളിച്ചു, വിളിക്കപ്പെട്ടവൻ വിളിക്കർഹനല്ലെങ്കിൽ കുഫ്ർ (അവിശ്വാസം) വിളിച്ചവന്റെമേൽ പതിക്കുന്നതാണ്.[2]

അബൂ സഈദിൽ ഖുദ്'റി (റ) ഉദ്ധരിച്ച നബി (സ്വ) പറഞ്ഞു: ഒരു മനുഷ്യൻ അപരനെ കാഫിറാക്കുന്നെങ്കിൽ രണ്ടിലൊരുവൻ കാഫിറാകുന്നതാണ്. അപരൻ കാഫിറായിരുന്നെങ്കിൽ അതങ്ങനെത്തന്നെ, അല്ലങ്കിൽ സഹോദരനെ കാഫിറെന്നു ആരോപിച്ച കാരണത്താൽ ആരോപിച്ചവൻ കാഫിറാകുന്നു[3]

1 ബുഖാരി മുസ്ലിം
2 ബുഖാരി മുസ്ലിം
3 ഇബ്നു ഹിബ്ബാൻ കിതാബുൽ ഈമാൻ

# തെറ്റുധാരണയും ആശയക്കുഴപ്പവും

**പക്ഷേ, പ്രവർത്തന ദൃഷ്യത്താൽ കാഫിറെന്ന വിളിക്കപ്പെടേണ്ട ചിലരെങ്കിലും മുസ്‌ലിംകളുടെ കൂട്ടത്തിൽ തന്നെ ഇല്ലേ?**

അല്ലാഹ അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് നബി (സ) അല്ലാഹവിന്റെ ദൂതനാണെന്നും സാക്ഷ്യം പറഞ്ഞ്, നന്മകൾ ഒരാളെ സന്തോഷിപ്പിക്കുകയും തിന്മകൾ അയാളെ വിഷമിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവൻ വിശ്വാസിയാണ്. അമീറുൽ മുഅമിനീൻ ഉമർ ബിൻ അൽഖത്താബ് (റ) പറഞ്ഞു തിരു നബി (സ) പറഞ്ഞു: "നന്മകൾ ഒരാളെ സന്തോഷിപ്പിക്കുകയും തിന്മകൾ അയാളെ വിഷമിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവൻ വിശ്വാസിയാണ്" - ഒരാൾ സഹോദരനെ കാഫിറെന്ന വിളിച്ചാൽ - വിളിക്കപ്പെട്ടവൻ നന്മകൾ സന്തോഷിപ്പിക്കുകയും തിന്മകൾ വിഷമിപ്പിക്കുകയും ചെയ്യുന്ന വ്യക്തി ആണെങ്കിൽ - എന്ത് കൊണ്ട് അവനെക്കുറിച്ച് വിശ്വാസിയെന്ന വിധി പറയുന്നതിനേക്കാൾ അവിശ്വാസി എന്ന് വിധിക്കുന്നതിന്റെ ഔചിത്യം എന്ത് ?[1]

അബൂ സുഫ്‌യാൻ (റ) ജാബിർ (റ) നോട് ചോദിച്ചു: "അഹ് ലുൽ ഖിബ് ലയിൽ ആരെയെങ്കിലും നിങ്ങൾ കാഫിറെന്ന പറഞ്ഞിരുന്നോ?", "ഇല്ല", "മുശ്രിക്കെന്ന പറഞ്ഞിരുന്നോ?" "അല്ലാഹ കാക്കട്ടെ" വിഷമത്തോടെയാണ് അദ്ദേഹം ഇത് പറഞ്ഞത്.[2]

**എന്നാൽ അല്ലാഹ പറഞ്ഞിട്ടുണ്ടല്ലോ അല്ലാഹ ഇറക്കിയ വിധി പ്രകാരം അല്ലാതെ വിധിക്കുന്നവർ കാഫിറുകൾ ആണ് അങ്ങനെ എങ്കിൽ ശരീഅത്ത് നടപ്പിൽ വരുത്താത്ത ഭരണാധികാരികളെല്ലാം കാഫിറുകൾ ആവില്ലേ?**

## ഒരിക്കലും ഇല്ല.

ഇവിടെ കുഫ്ർ കൊണ്ട് ഉദ്ദേശം വൻകുറ്റം എന്നാണ്. അങ്ങനെ ചെയ്യുവർ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്നതും അല്ല.

**ഇക്കാര്യം ആരാണ് പറഞ്ഞിട്ടുള്ളത്?**

ഇക്കാര്യം ഇബ്നു അബ്ബാസ്, ഹുദൈഫ, താഊസ്, മുജാഹിദ്, അഹ്മദ്ബിൻ ഹൻബൽ, ഇബ്നു അബ്ദിൽബറ് തുടങ്ങിയ പ്രഗൽഭ ഇമാമുകളും ഇബ്‌ൻ ജരീർ, റാസി, ബഗവി, ഖാസിൻ, ഖുർതുബി തുടങ്ങിയ മുഫസ്സിരുകളും ഇതേ വ്യാഖ്യാനം തന്നെയാണ് പറഞ്ഞത്.[3]

**എന്നിട്ടും ചില പണ്ഡിതൻമാർ അടിക്കടി അല്ലാഹ ഇറക്കിയ നിയമം അല്ലാതെ വിധിക്കുന്നവരെല്ലാവരും കാഫിറുകൾ തന്നെ എന്ന് പറഞ്ഞു കൊണ്ടിരിക്കുന്നല്ലോ ?**

അങ്ങനെ പറയുന്നവർ ഖവാരിജുകളുടെ വിശ്വാസം സ്വീകരിച്ചവർ ആണ്, അഹ് ലുസുന്നയുടെ വിശ്വാസം അല്ല അവർ പിന്തുടരുന്നത്.ഇമാം ഖുർതുബി മുഫ്ഹിം എന്ന ഗ്രന്ഥത്തിൽ പറഞ്ഞു: അല്ലാഹ ഇറക്കിയ വിധി പ്രകാരം അല്ലാതെ വിധിക്കുന്നവർ കാഫിറുകൾ ആണ് എന്ന ആയത്തിന്റെ പ്രത്യക്ഷാർത്ഥം സ്വീകരിച്ച് തെറ്റ് ചെയ്യുവർ കാഫിർ ആണ് എന്ന് വാദിക്കുന്നവർ ഉണ്ട് അത് ഖവാരിജുകൾ ആണ്. യഥാർത്ഥത്തിൽ അവർക്കതിൽ തെളിവില്ല തന്നെ[4].

ഇമാം സംആനി ഈ ആയത്തിന്റെ വിശദീകരണത്തിൽ പറയുന്നത് നോക്കൂ: ഖവാരിജുകൾ ഈ ആയത്ത് അല്ലാഹവിന്റെ വിധിപ്രകാരം അല്ലാതെ വിധിക്കുന്നവർ കാഫിർ ആണെന്ന് പറയാൻ ഉപയോഗപ്പെടുത്തുന്നു.എന്നാൽ അഹ് ലുസ്സുന്ന അങ്ങനെ വിധിക്കാത്തവർ കാഫിർ ആണെന്ന് പറയുന്നില്ല.[5]

1 തംഹീദ് ഇബ്നു അബ്ദിൽബർ 17/15-22
2 ibid, റിപ്പോർട്ടർമാർ വിശ്വസ്തരാണെന്ന് ഹൈസമി മജ്‌ഉ സവാഇദ്
3 1-ാം പുസ്തകത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്
4 അൽ മുഫ്ഹിം ഖുർതുബി 2-116
5 തഫ്സീർ സംആനി 2-42

# പ്രബോധകരുടെ അബദ്ധങ്ങൾ

**ഇസ്‌ലാമിൽ നിന്നും പുറത്ത് പോകുന്ന വലിയ ശിർക്ക് (ബഹുദൈവ വിശ്വാസം) പുലർത്തുന്നവർ മുസ്‌ലിംകൾക്കിടയിൽ ഉണ്ടോ?**

ഇസ് ലാമിൽ നിന്നും പുറത്ത് പോകുന്ന വലിയ ശിർക്ക്(ബഹുദൈവ വിശ്വാസം) പുലർത്തുന്നവർ മുസ് ലിംകൾക്കിടയിൽ **ഇല്ല**.

**എന്താണ് അതിന് തെളിവ് ?**

ഉഖ്ബത് ബിൻ ആമിർ (റ) ഉദ്ധരിക്കുന്ന ഹദീസ് ആണ് തെളിവ് : "നിശ്ചയം, അല്ലാഹുവാണേ, എന്റെ കാല ശേഷം നിങ്ങൾ മുശ്രിക്കായിപ്പോകും എന്ന് ഞാൻ ഭയക്കുന്നില്ല. പ്രത്യുത, നിങ്ങൾ ഭൗതികലാഭങ്ങൾക്ക് മത്സരിക്കുന്നത് ഞാൻ ഭയപ്പെടുന്നു".[1]

**ഈ ഹദീസിനെ പണ്ഡിതൻമാർ എങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത്?**

ഇഹലോകത്തിന്റെ കാര്യത്തിലുള്ള മത്സരം ഈ സമൂഹത്തിന്റെ നാശകാരണമായി അവർ മനസ്സിലാക്കി. വൻശിർക്ക് (ബഹുദൈവ വിശ്വാസം) ഈ സമൂഹത്തിന്റെ കാര്യത്തിൽ വ്യാപകമാകും എന്ന് അവർ ഭയപ്പെട്ടില്ല. ഉദാഹരണത്തിന് ഇമാം ഇബ്നു അബ്ദിൽ ബർറ് (റ) യുടെ തംഹീദ് എന്ന ഗ്രന്ഥത്തിലെ വരികൾ കാണുക:

**"മുഹമ്മദ് നബിയുടെ സമൂഹത്തിനുമേൽ അവിട്ടുന്ന് ഭയപ്പെടാത്ത കാര്യം ഭയക്കുന്നത് വ്യക്തമായ അവിവേകം ആണ്."[2]**

**"ഇരവും പകലുകളും പോയിത്തീരുന്നതിനു മുമ്പേ ലാത്തയും ഉസ്സയും വീണ്ടും ആരാധിക്കപ്പെടും എന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീസിൽ ഉണ്ടല്ലോ?**

ശരിയാണ്, ഇത് സ്വഹീഹ് ആയ ഹദീസ് തന്നെയാണ് പക്ഷേ, അതിന്റെ പൂർണ്ണ രൂപം സാധാരണ ഇത് തെളിവായിക്കൊണ്ടുവരുന്നവർ പറയാറില്ല. മുസ് ലിംകളെ മുശ് രിക്കുകൾ ആയി ചിത്രീകരിക്കാനുള്ള വൈജ്ഞാനികമായ ഒരു ചതിയാണിത്.

**ഇത് ശരിയാണോ? എന്താണ് ഹദീസിന്റെ പൂർണ്ണ രൂപം?**

ആഇശ (റ) ഉദ്ധരിക്കുന്നു: ഞാൻ നബി (സ്വ) പറയുന്നതായികേട്ടു: "ഇരവും പകലുകളും പോയിത്തീരുന്നതിനു മുമ്പേ ലാത്തയും ഉസ്സയും വീണ്ടും ആരാധിക്കപ്പെടും". ഞാൻ ചോദിച്ചു "ഖുർആനിൽ അല്ലാഹു ഇങ്ങനെ പറഞ്ഞില്ലേ, 'സത്യമാർഗവും നേരിന്റെ മതവുമായി തന്റെ ദൂതനെ അയച്ചവൻ ആണ് അല്ലാഹു. മറ്റുമതങ്ങളെ എല്ലാം അതിജയിക്കാൻ വേണ്ടിയാണിത്, ബഹുദൈവ വിശ്വാസികൾക് കിഷ്ടപ്പെട്ടില്ലെങ്കിലും ശരി'[3]. ഈ വാക്യം പൂർണമല്ലേ?" അവിട്ടുന്ന് പ്രതിവചിച്ചു: "അല്ലാഹു ഉദേശിച്ചതെല്ലാം സംഭവിക്കും. അവസാനം അല്ലാഹു നല്ലൊരു കാറ്റ് അയക്കും. ഉടൻ കടുകുമണിയോളം മനസ്സിൽ വിശ്വാസം ഉള്ളവരെല്ലാം മൃത്യുവരിക്കും. ശേഷം, ഗുണമില്ലാത്തവർ അവശേഷിക്കും. അവർ തങ്ങളുടെ പൂർവ്വ പിതാക്കളുടെ വിശ്വാസത്തിലേക്ക് തിരിച്ചു പോകും.[4]

1 ബുഖാരി മുസ് ലിം
2 തംഹീദ് 264
3 തൗബ - 33
4 സഹീഹ് മുസ് ലിം

അജ്ഞാന കാലത്ത് ആരാധിക്കപ്പെട്ടിരുന്ന ലാത്തയും ഉസ്സയും വീണ്ടും ആരാധിക്കപ്പെടുന്നത് അവസാന കാലത്ത് മുഴുവൻ വിശ്വാസികളും മരണപ്പെടുന്ന അന്ത്യ നാളിന്റെ വലിയ അടയാളങ്ങൾ വെളിപ്പെടുമ്പോൾ ആണെന്ന് വ്യക്തമായല്ലോ.അത് ഇപ്പോൾ എന്തായാലും സംഭവിച്ചിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസം ഇപ്പോഴും ശേഷിക്കുന്നുണ്ട്.

# മുസ്‌ലിംകളിൽ തെറ്റായ വിശ്വാസം



**എങ്കിൽ, ഖബറിനെ ത്വവാഫ് ചെയ്യുകയും ആദരിക്കുകയും ചെയ്യുന്ന ആളുകൾ മുശ്രിക്കുകൾ അല്ലേ?**

ഖബറിനെ തവാഫ് ചെയ്യൽ ഹറാം ആണ് ശിർക്ക് അല്ല. കാരണം, ഖബറിനെ തവാഫ് ചെയ്യുന്നവർ ഖബറിലുള്ള വ്യക്തിയെ ആരാധിക്കുന്നു എന്ന് ഉദ്ദേശിക്കുമ്പോഴാണ് ശിർക്ക് വരുന്നത്. അതിവിടെ ഉണ്ടാകുന്നില്ല. പ്രത്യുത, ഈ തവാഫിലൂടെ അല്ലാഹുവോട് അടുക്കുക എന്നാണ് അവർ ഉദ്ദേശിക്കുന്നത്. ഇത് ഹറാം ആണ്. അല്ലാഹു കല്പിച്ചത് കഅബയെ തവാഫ് ചെയ്യാൻ ആണ്. ഖബറിനെ അല്ല.

**പക്ഷേ, മുശ്രിക്കുകളും ഇതേ വാദം തന്നെ അല്ലെ പറഞ്ഞത്. നാം അവരെ ആരാധിക്കുന്നത് അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാൻ വേണ്ടിയാണ്. (സുമർ 3) ഖബറിന് ചുറ്റും ത്വവാഫ് ചെയ്യുന്നവർ മുശ്രിക്കുകളെ പോലെത്തന്നെ അല്ലാഹുവോട് അടുക്കാൻ വേണ്ടിയല്ലേ ചെയ്യുന്നത്?**



**അങ്ങനെയല്ല**, അതിനിടയിൽ അജഗജാന്തരം ഉണ്ട്. കാരണം, മുശ്രിക്കുകൾ സമ്മതിക്കുന്നത് അവർ ബിംബങ്ങളെ ആരാധിക്കുന്നത് അല്ലാഹുവിലേക്ക് അവരെ അടുപ്പിക്കാൻ വേണ്ടിയാണ് എന്നത്രേ. പക്ഷേ, അറിവില്ലാത്ത മുസ്‌ലിംകൾ ഖബർ നിവാസിയെ ആരാധിക്കുന്നില്ല. ഇവിടെ വ്യത്യാസം വളരെ വ്യക്തമാണ്.

ഒരു വസ്തുവിനെ ത്വവാഫ് ചെയ്യൽ ആ വസ്തുവിനുള്ള ആരാധനയല്ല. നമ്മൾ കഅബയെ ത്വവാഫ് ചെയ്യുന്നത് കഅബക്കുള്ള ആരാധന അല്ലല്ലോ. മറിച്ച് അല്ലാഹുവിനുള്ള ആരാധനയാണ്. അപ്രകാരം തന്നെ ഖബറിനെ ത്വവാഫ് ചെയ്യുന്നവർ അതിനെ ആരാധിക്കുന്നില്ല. പക്ഷേ, അവർ ചെയ്യുന്ന തെറ്റ് ഖബറിനെ ത്വവാഫ് ചെയ്യുക എന്ന ബിദ്അത്ത് ആണ്. ഇത് തെറ്റ് ആണ്, കാരണം, നടേ പറഞ്ഞത് പോലെ, അല്ലാഹു ഖബറിനു ത്വവാഫ് ചെയ്യാൻ പറഞ്ഞിട്ടില്ല തന്നെ.

**മുസ്‌ലിംകൾ അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിലേക്ക് മടങ്ങിവരില്ല എന്ന് പറയുന്ന വേറെയും തെളിവുകൾ ഉണ്ടോ?**

കുറേയധികം തെളിവുകൾ ഉണ്ട്. ചിലത് പറയാം. ജാബിർ (റ) ഉദ്ധരിക്കുന്നു: "ഞാൻ നബി (സ്വ) പറയുന്നത് കേട്ടു: "അറേബ്യൻ ഭൂഖണ്ഡത്തിൽ നിസ്കരിക്കുന്നവരിൽ, തന്നെ ആരാധിക്കുന്നവർ ഉണ്ടാകുന്നതിനെ സംബന്ധിച്ച് പിശാച് നിരാശനായിരിക്കുന്നു . പക്ഷേ, അവന്റെ പ്രതീക്ഷ അവരെ തമ്മിൽ തല്ലിക്കുന്നതിലാണ്.[1]

നബി (സ്വ ) പറയുന്നതായി ഇബ്നു മസ്ഊദ് (റ) ഉദ്ധരിക്കുന്നു: അറബ് ലോകത്ത് ബിംബങ്ങൾ ആരാധിക്കപ്പെടുകയില്ലെന്നു പിശാചിന് ഉറപ്പായിരിക്കുന്നു. നിങ്ങളുടെ മറ്റു ചില പ്രവൃത്തികളിൽ അവൻ തൃപ്തനായേക്കും. അത് നിങ്ങളുടെ തരംതാണ ചെയ്തികൾ ആണ്. അതായത് വൻപാപങ്ങൾ[2]

1 സഹീഹുമുസ്‌ലിം

2 ഹാകിം മുസ്തദ്രക്- ഇമാം ഹകിമും ദഹബിയും സ്വീകാര്യമെന്ന് പ്രസ്താവിച്ചിരിക്കുന്നു

**എന്നിട്ടും ചില പണ്ഡിതന്മാരും പ്രബോധകരും ജനങ്ങളുടെ പേരിൽ ശിർക്ക് ആരോപിക്കുകയും കാഫിർ ആക്കുകയും ചെയ്യുന്നുണ്ടല്ലോ?**

ഇങ്ങനെ ജനങ്ങളെ മുശ്രിക്കുകൾ ആക്കി ചിത്രീകരിക്കുന്നവർക്ക് തെറ്റാണു ചെയ്യുന്നത്. അവരെക്കുറിച്ച് ആയിരത്തി നാനൂറ് വർഷങ്ങൾക്കപ്പുറം നബി (സ്വ) താക്കീതു ചെയ്തതാണ്.അവിടുന്ന് ഇപ്പോഴും നമ്മോടോപ്പം ഉള്ളത് പോലിരിക്കുന്നു

ഹുദൈഫ (റ) പറഞ്ഞു: "നബി (സ്വ) അരുളി: ഞാൻ നിങ്ങളുടെ കാര്യത്തിൽ ഭയക്കുന്നത് ഒരു വ്യക്തിയെ ആണ്. അവൻ ഖുർആൻ ഓതും. അതിന്റെ പ്രഭ അവൻറെ മുഖത്ത് വെളിപ്പെടും. അവൻ ഇസ്‌ലാമിന്റെ സഹായി ആയി രംഗത്ത് വരും. അവൻ ഇസ്‌ലാമിനെ മാറ്റിത്തിരുത്തും. എന്നിട്ട് ഇസ്‌ലാമിൽ നിന്നും പതുക്കെ പുറത്തെത്തും. ഇസ്‌ലാമിനെ അവൻ വലിച്ചെറിയും, എന്നിട്ട് സ്വന്തം അയൽക്കാരന്റെ മേൽ ശിർക്ക് ആരോപിച്ചു വാളുമായി അവന്റെ അടുത്തേക്ക് ഓടും". ഞാൻ ചോദിച്ചു നബിയേ, ആരാണ് ഇതിൽ ശരിയായ മുശ് രിക്ക്, ആരൊപിക്കുന്നവനോ ആരോപിക്കപ്പെടുന്നവനോ? അവിടുന്ന് അരുളി: ശിർക്ക് ആരോപിക്കുന്നവൻ.[1]





**സുബ്ഹാനല്ലാഹ്!!! കുഫ്റും ശിർക്കും ആരോപിച്ച് നടക്കുന്ന ഈ കൊലപാതകങ്ങളും സ്ഫോടനങ്ങളും ചോരചിന്തലും എല്ലാം പാടില്ലാത്തതും നബി (സ്വ) താക്കീത് ചെയ്തതും ആണെന്നോ?**

അതെ, അങ്ങനെ ചെയ്യുന്നവർ വളരെ അപകടത്തിൽ ആണ്.അവൻ തെറ്റുകാരനും വൻപാപം ചെയ്യുന്നവനും ആണ്. അവൻ ജനങ്ങളെ മുഴുവൻ കൊല്ലുന്നവനെപ്പോലെയാണ്.

"ആയതിനാൽ നാം ഇസ്രായീൽ സന്തതികൾക്ക് നിയമം നല്കിയിരിക്കുന്നു: വല്ലവനും അന്യായമായി അപരനെ വധിച്ചുവെങ്കിൽ, അല്ലെങ്കിൽ ഭൂമിയിൽ കുഴപ്പം ഉണ്ടാക്കുന്നുവെങ്കിൽ, മുഴുവൻ ജനത്തേയും വധിച്ചവനെപ്പോലെ ആണ്. വല്ലവനും ഒരാളുടെ ജീവൻ സംരക്ഷിച്ചാൽ മുഴുവൻ ജനത്തിന്റെയും ജീവൻ കാത്തവനെപ്പോലെയാണ്.അവർക്ക് നമ്മുടെ ദൂതന്മാർ പാഠങ്ങൾ നല്കിയിരുന്നു, എന്നിട്ടും അവരിൽ അധികപേരും ഭൂമിയിൽ അതിക്രമം ചെയ്തിരുന്നവർ തന്നെ. [2]

നബി (സ്വ) പറഞ്ഞു: മുസ്‌ലിമിനെ തെറിപറയൽ തെമ്മാടിത്തവും അവനെ വധിക്കൽ കുഫ്റും ആണ്.[3]

നമ്മെ കുഫ്ർ ആരോപണം എന്ന വൻപാപത്തിൽനിന്നും മുസ്‌ലിം സഹോദരങ്ങളെ ശിർക്ക് ആരോപിക്കുന്നതിൽ നിന്നും അല്ലാഹു കാത്തു രക്ഷിക്കട്ടേ അവൻ നമ്മുടെ സഹോദരങ്ങളുടെ രക്തം കാത്തു കൊള്ളട്ടെ. ശിർക്കും കുഫ്റും ആരോപിച്ച് പിഴച്ചുപോയ നമ്മുടെ സഹോദരങ്ങൾക്ക് അല്ലാഹു നേർമാർഗം കാണിച്ചു കൊടുക്കട്ടെ. അവരുടെ ഈ ചിന്താഗതി കൊലപാതകത്തിലേക്കും സ്ഫോടനത്തിലേക്കും നയിച്ചിരിക്കുന്നു. ബാഹ്യവും ആന്തരികവുമായ മുഴുവൻ വിപത്തിൽ നിന്നും മുസ്‌ലിം ഉമ്മത്തിനെ അല്ലാഹു സംരക്ഷിച്ചു കൊള്ളട്ടെ. അവൻ അതിനു കഴിവുള്ളവനും കരു ണാവാരിധിയുമാകുന്നു.

1 ഇബ്നു ഹിബ്ബാൻ (81) ഇമാം ബുഖാരി തരീഖുൽ കബീർ(2907) ബസ്സാർ(2793)
2 ഖുർആൻ, മാഇദ 32
3 ബുഖാരി, മുസ്‌ലിം

# പാപികളോടുള്ള സമീപനം



**മുസ്‌ലിംകളെ കാഫിറാക്കുന്ന വിഷയം നിങ്ങൾ പറയുന്നത് പോലെ അപകടം നിറഞ്ഞതാണെന്നു നാം സമ്മതിക്കുകയാണെങ്കിൽ, മുസ്‌ലിംകൾക്കിടയിലെ തന്നെ തെറ്റായ ബിദ്അത്തുകൾക്കും ശറഈ വിരുദ്ധ ആചാരങ്ങൾക്കുമെതിരെ പണ്ഡിതൻമാരും പ്രബോധകരും മൗനം ദീക്ഷിക്കണമേന്നാണോ നിങ്ങൾ പറയുന്നത്?**

**അല്ല**. പണ്ഡിതന്മാരും പ്രബോധകരും അവരുടെ ദൗത്യമെന്നോണം ജനങ്ങൾക്കിടയിലെ തെറ്റുകൾ തിരുത്തിക്കൊടുക്കണം. പക്ഷേ, അത് താഴേ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിച്ച് വേണം.

- മൃദുലമായും സമാധാനത്തോടെയും ആയിരിക്കണം തെറ്റുകൾ തിരുത്തികൊടുക്കേണ്ടത്. ഇതാണ് തിരു നബി (സ്വ) യുടെ രീതി.
- കൃത്യമായി തിരുമേനി (സ്വ) വ്യക്തമാക്കി തന്നവർ അല്ലാതെ, മുസ്‌ലിം ഉമ്മത്ത് മൊത്തത്തിലോ അതിലെ ഗണ്യമായ വിഭാഗങ്ങളോ ശിർകിലോ കുഫ്‌റിലോ ആപതിക്കുക ഇല്ല തന്നെ.
- മുസ്‌ലിം സമൂഹം അവരുടെ വിശ്വാസത്തിലോ പ്രവർത്തനത്തിലോ വന്ന തെറ്റുമൂലം കുഫ്‌റിലോ ശിർക്കിലോ പതിച്ചവരാണ് എന്ന ദോഷവിചാരം, തെറ്റ് തിരുത്തിക്കൊടുക്കുന്നവരുടെ മനസ്സിൽ ഒരിക്കലും പാടില്ല. ഈ തെറ്റുധാരണ മനസ്സിൽ വെച്ച് ഉപദേശിച്ചാൽ ഉപദേശം ഫലം കാണില്ല.
- പണ്ഡിതൻമാർ മതവിജ്ഞാനങ്ങളിൽ കണിശമായ കൃത്യത പുലർത്തണം. ഹദീസ് വിജ്ഞാനം പഠിച്ചയാൾ ഫിഖ്‌ഹ് പഠിക്കാതെ ഫത് വ നൽകാൻ തുനിയരുത്. ഫത്വകൾ ഉദ്ധരിക്കാൻ മാത്രം കഴിയുന്നവർ ഫിഖ്‌ഹ് ആഴത്തിൽ അറിയാതെ മുഫ്തി ചമയരുത്.
- ഫിഖ്‌ഹിൽ ആഴത്തിൽ അറിവ് നേടാത്ത മറ്റു പണ്ഡിതൻമാരെയും ഇളംതലമുറയോട് സംവദിക്കാനും ദീനിലേക്ക് അടുപ്പിക്കാനും നമുക്ക് ആവശ്യം തന്നെ. പക്ഷേ മതവിധിയുടെ അധികാരികൾ അവർ അല്ലെന്നു മാത്രം.
- മറ്റുള്ളവരെ കാഫിറാക്കൽ സ്വന്തം വിശ്വാസത്തെ തന്നെ നശിപ്പിക്കുന്ന അപകടകരമായ ഒരു വിധി പ്രസ്താവം ആണ്. സ്വന്തം വിശ്വാസം സംരക്ഷിക്കപ്പെടണം എന്നാഗ്രഹമുള്ള വിശ്വാസിക്ക് അതിൽ നിന്നും വിട്ടു നില്ക്കലാണ് അഭികാമ്യം.

# ചിന്താ വ്യതിയാനങ്ങൾ

തിരുനബി (സ്വ) പറഞ്ഞു: ഈ പരിശുദ്ധ വിജ്ഞ്ഞാനം വഹിക്കാൻ ഓരോ പിന്മുറക്കാരിലെയും നീതിമാൻമാർ ഉണ്ടാവും. അവർ അതിക്രമികളുടെ വക്രീകരണത്തിൽ നിന്നും വ്യാജന്മാരുടെ വഞ്ചനകളിൽ നിന്നും വിഢികളുടെ വ്യാഖ്യാനങ്ങളിൽ നിന്നും അതിനെ പ്രതിരോധിക്കും"
(ഇബ്നു അബ്ദിൽ ബർ )

ചില വ്യതിയാന ചിന്താഗതിക്കാർ അല്ലാഹുവിന്റെ വചനങ്ങളും തിരുനബി (സ്വ) യുടെ മൊഴികളും സച്ചരിതരായ പൂർവഗാമികളുടെ മാർഗരേഖയിലൂടെയല്ല മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ വഹ്‌യിന്റെ മൂല്യങ്ങൾക്കും നിലവാരത്തിരത്തിനും യോജിക്കാത്ത രൂപത്തിലാണ് അവർകാര്യങ്ങളെ നിർദ്ധാരണം ചെയ്യുന്നത്

അമുസ്ലിംകളെക്കുറിച്ച് അവതരിച്ച ആയത്തുകൾ അവർ മുസ്ലിംകളുടെ പേരിൽ ആരോപിക്കുകയാണ്. സാമാന്യമല്ലാത്ത നിയമങ്ങളിൽ നിന്നും പൊതു തത്വങ്ങൾ നിർമ്മിക്കുന്നു. അല്ലാഹുവിന്റെ വചനങ്ങളും തിരു നബി(സ്വ) യുടെ മൊഴികളും വക്രീകരിച്ചു അവർ പൊതു ജനങ്ങളുടെ മനസ്സിൽ അത്യന്തം അപകടകരമായ ആശയങ്ങൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. തന്മൂലം അവരിൽ നിന്നു മഹിതമായ ഇസ്ലാം ദീനിനു പരിചയമില്ലാത്ത സ്വഭാവങ്ങളും ഇടപെടലുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഈ പരമ്പരയിലൂടെ
ഇത്തരം വ്യതിയാന ചിന്താഗതിക്കാർക്ക് സംഭവിച്ച
ആശയ വൈകല്യത്തെ വിവരിക്കുകയും
അല്ലാഹുവിന്റെയും തിരു ദൂതരുടെയും
മഹാന്മാരുടെയും ആശയങ്ങളോട്
അവയ്ക്കുള്ള വിയോജിപ്പ് വ്യക്തമാക്കുകയും ചെയ്യുന്നു


www.sanad.network
twitter: @sanadnetwork
facebook.com/sanadnetwork
youtube.com/sanadnetwork

SANAD

دار الفقيه للنشر والتوزيع
DAR AL FAQIH
PUBLICATION & DISTRIBUTION